LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദാശുപത്രികളിൽ ആവശ്യമായ മരുന്ന് അനുവദിക്കാൻ നടപടി

146 [151] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആയുർവേദ ആശുപത്രികളിൽ (ജില്ല, താലൂക്ക് ഡിസ്പെൻസറി) അനുവദിക്കുന്ന മരുന്ന് പകുതി രോഗികൾക്കുപോലും തികയുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആയുവേദ ആശുപത്രിയിൽ ചികിത്സക്കായി എത്തുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ അവർക്ക് ആവശ്യമായ മരുന്നുകളുടെ തോത് വർദ്ധിപ്പിക്കുന്നതിനോടൊപ്പം പാത്തിപോലുള്ള ആയുർവേദ ചികിത്സക്കുള്ള ഉപകരണങ്ങൾ അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

(സി) ആവശ്യകത അനുസരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

ആയുർവേദ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരീക്ഷ സമ്പ്രദായം

147 [152] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്; വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആയുർവേദ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ പാഠ്യപദ്ധതികളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ഫൈനൽ പരീക്ഷയ്ക്ക് ഇരിക്കുവാൻ വേണ്ടുന്ന ഹാജർ നേടിയശേഷം പരീക്ഷ എഴുതുന്നത് മാറ്റിവയ്ക്കുന്ന സാഹചര്യത്തിൽ വീണ്ടും അതേ പാഠ്യപദ്ധതിയിൽ പ്രവേശനം നേടിയ ശേഷമാണോ ഫൈനൽ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഹാജർ നേടിയ വിദ്യാർത്ഥികൾക്ക് കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുവാനും അവരെ ഫൈനൽ പരീക്ഷയ്ക്ക് ഇരുത്തുവാനും പുതുതായി വ്യവസ്ഥ ചെയ്യേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉണ്ടെങ്കിൽ അപ്രകാരം വ്യവസ്ഥ ചെയ്ത വ്യക്തികൾക്കും സർക്കാരിനും ഉണ്ടാകുന്ന അധിക ചെലവ് ഇല്ലാതാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആയുർവേദ കോളേജുകളിൽ യൂണിവേഴ്സിറ്റി തലത്തിൽ ബി.എ.എം.എസ്. (ഡിഗ്രി കോഴ്സ്), എം.ഡി. (ആയുർവേദ)—(പി.ജി. കോഴ്സ്) എന്നിവയും സർക്കാർ തലത്തിൽ ആയുർവേദ നഴ്സിംഗ്, ഫാർമസിസ്റ്റ്, മാസ്സിയർ എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും നടത്തുന്നു.

സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ

1. ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം

ഡിഗ്രി കോഴ്സുകൾ . . ബി.എ.എം.എസ്. മൊത്തം സീറ്റ് 70
പി.ജി. കോഴ്സുകൾ . . എം.ഡി. (ആയുർവേദ) 12 വിഷയങ്ങളിൽ മൊത്തം സീറ്റ് 57

വിഷയങ്ങൾ തിരിച്ചുള്ള കണക്ക്:

(എ) കായചികിത്സ	. .	6 സീറ്റ്
(ബി) ശല്യതന്ത്ര	. .	3 സീറ്റ്
(സി) ശാലാക്യതന്ത്ര	. .	3 സീറ്റ്
(ഡി) രസശാസ്ത്ര	. .	3 സീറ്റ്
(ഇ) ഭൈഷജ്യകൽപ്പന	. .	3 സീറ്റ്
(എഫ്) ദ്രവ്യഗുണവിജ്ഞാൻ	. .	6 സീറ്റ്
(ജി) സ്വസ്ഥവൃത്ത	. .	6 സീറ്റ്
(എച്ച്) പ്രസൂതിതന്ത്ര സ്ത്രീരോഗ	. .	6 സീറ്റ്
(ഐ) ആയുർവേദ സിദ്ധാന്ത ദർശന	. .	6 സീറ്റ്
(ജെ) പഞ്ചകർമ്മ	. .	5 സീറ്റ്
(കെ) കൗമാരഭൃത്യ	. .	5 സീറ്റ്
(എൽ) അഗദതന്ത്ര	. .	5 സീറ്റ്
മൊത്തം	. .	57 സീറ്റ്

സർട്ടിഫിക്കറ്റ് കോഴ്സുകൾ . . 3 വിഷയങ്ങൾ മൊത്തം 65 സീറ്റ്

വിഷയങ്ങൾ തിരിച്ചുള്ള കണക്ക്

ആയുർവേദ നഴ്സിംഗ്	. .	30 സീറ്റ്
ആയുർവേദ ഫാർമസിസ്റ്റ്	. .	25 സീറ്റ്
ആയുർവേദ മാസ്സിയർ	. .	10 സീറ്റ്
മൊത്തം	. .	65 സീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

2. ഗവൺമെന്റ് ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ

(എ) ഡിഗ്രി കോഴ്സുകൾ	. .	ബി.എ.എം.എസ്. മൊത്തം സീറ്റ് 30
(ബി) പി.ജി. കോഴ്സുകൾ	. .	ഇല്ല.
(സി) സർട്ടിഫിക്കറ്റ് കോഴ്സുകൾ	. .	3 വിഷയങ്ങളിൽ മൊത്തം സീറ്റ് 45

വിഷയങ്ങൾ തിരിച്ചുള്ള കണക്ക്:

ആയുർവേദ നഴ്സിംഗ്	. .	10 സീറ്റ്
ആയുർവേദ ഫാർമസിസ്റ്റ്	. .	25 സീറ്റ്
ആയുർവേദ മാസ്സിയർ	. .	10 സീറ്റ്
മൊത്തം	. .	45 സീറ്റ്

3. ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ

(എ) ഡിഗ്രി കോഴ്സുകൾ. . ബി.എ.എം.എസ്. മൊത്തം സീറ്റ് 40
(ബി) പി.ജി. കോഴ്സുകൾ. . എം.ഡി. (ആയുർവേദ) 2 വിഷയങ്ങളിൽ മൊത്തം 10

വിഷയങ്ങൾ തിരിച്ചുള്ള കണക്ക്:

(എ) ക്രിയാശാരീരം	. .	5 സീറ്റ്
(ബി) രോഗനിദാനം	. .	5 സീറ്റ്
മൊത്തം	. .	10 സീറ്റ്
(സി) സർട്ടിഫിക്കറ്റ് കോഴ്സുകൾ	. .	2 വിഷയങ്ങളിൽ മൊത്തം സീറ്റ് 20
(എ) ആയുർവേദ നഴ്സിംഗ്	. .	10 സീറ്റ്
(ബി) ആയുർവേദ മാസ്സിയർ	. .	10 സീറ്റ്
മൊത്തം	. .	20 സീറ്റ്

4. വൈദ്യരത്നം പി. എസ്. വാര്യർ ആയുർവേദ കോളേജ്, കോട്ടയ്ക്കൽ

(എ) ഡിഗ്രി കോഴ്സുകൾ	. .	ബി.എ.എം.എസ്. മൊത്തം സീറ്റ് 50
(ബി) പി.ജി. കോഴ്സുകൾ	. .	എം.ഡി. (ആയുർവേദ) 2 വിഷയങ്ങളിൽ മൊത്തം സീറ്റ് 10

വിഷയങ്ങൾ തിരിച്ചുള്ള കണക്ക്:

(എ) അഗദതന്ത്ര	. .	4 സീറ്റ്
(ബി) മാനസികരോഗ	. .	6 സീറ്റ്
മൊത്തം	. .	10 സീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

5. വൈദ്യരത്നം ആയുർവേദ കോളേജ്, ഒല്ലൂർ
ഡിഗ്രി കോഴ്സ് . . ബി.എ.എം.എസ്. 40 സീറ്റ്

6. നങ്ങേലിൽ ആയുർവേദ കോളേജ്, കോതമംഗലം
ഡിഗ്രി കോഴ്സ് . . ബി.എ.എം.എസ്. 40 സീറ്റ്

7. പങ്കജകസ്തൂരി ആയുർവേദ കോളേജ്, തിരുവനന്തപുരം
ഡിഗ്രി കോഴ്സ് . . ബി.എ.എം.എസ്. 50 സീറ്റ്

8. പറശ്ശിനിക്കടവ് ആയുർവേദ കോളേജ്, കണ്ണൂർ
(എ) ഡിഗ്രി കോഴ്സുകൾ . . ബി.എ.എം.എസ്. 50 സീറ്റ്
(ബി) ആയുർവേദ സർട്ടിഫിക്കറ്റ് കോഴ്സുകൾ-നഴ്സിംഗ്-30, ഫാർമസിസ്റ്റ്-25, മാസ്സിയർ-30 എന്ന കണക്കിൽ തുടങ്ങുവാനായി സർക്കാർ 18-1-2005-ൽ ജി.ഒ. (എം.എസ്.) 21/2005/ആ.കു.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്.
(സി) ആയുർവേദ ബിഫാം-50, ബി.എസ്.സി. നഴ്സിംഗ്-50 എന്ന കണക്കിൽ തുടങ്ങുവാനായി ജി.ഒ. (എം.എസ്.) 108/2004/ ആ.കു.വ. തീയതി 22-5-2004 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

9. ശാന്തിഗിരി ആയുർവേദ കോളേജ്, പാലക്കാട്
ഡിഗ്രി കോഴ്സ് . . ബി.എ.എം.എസ്. 50 സീറ്റ്

10. വിഷ്ണു ആയുർവേദ കോളേജ്, പാലക്കാട്
ഡിഗ്രി കോഴ്സ് . . ബി.എ.എം.എസ്. 50 സീറ്റ്

11. ശാന്തിഗിരി സിദ്ധ കോളേജ്, തിരുവനന്തപുരം
ഡിഗ്രി കോഴ്സ് . . ബി.എ.എം.എസ്. 50 സീറ്റ്

12. ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സ്റ്റഡീസ് ആന്റ് റിസർച്ച്, പുത്തൂർ, കൊല്ലം
ഡിഗ്രി കോഴ്സ് . . ബി.എ.എം.എസ്. 50 സീറ്റ്

13. അമൃത ആയുർവേദ മെഡിക്കൽ കോളേജ്, കൊല്ലം (ഡീംഡ് യൂണിവേഴ്സിറ്റി)
ഡിഗ്രി കോഴ്സ് . . ബി.എ.എം.എസ്. 60 സീറ്റ്

(ബി) ഇപ്പോൾ നിലവിലുള്ള കേരള സർവകലാശാല നിയമപ്രകാരം പരീക്ഷ കോഴ്സിന്റെ ഭാഗമാണ്. പരീക്ഷകൂടി പൂർത്തിയാക്കിയാൽ മാത്രമെ ഒരു വിദ്യാർത്ഥി കോഴ്സ് പൂർത്തിയാക്കിയതായി കണക്കാക്കപ്പെടുകയുള്ളു. ആയതിനാൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ കോഴ്സ് പൂർത്തികരിച്ചതായി പരിഗണിക്കും. പരീക്ഷ എഴുതുവാൻ അർഹത നേടാൻ ആവശ്യമായ ഹാജർ ഉണ്ടായശേഷം പരീക്ഷക്കിരിക്കാൻ അപേക്ഷിച്ച് രജിസ്റ്റർ ചെയ്തില്ലെങ്കിൽ കോഴ്സ് പൂർത്തിയായതായി പരിഗണിക്കുവാൻ സാധിക്കുകയില്ല. അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് വീണ്ടും പരീക്ഷക്കിരിക്കുവാൻ ആഗ്രഹമുള്ളപക്ഷം കോഴ്സ് മുടങ്ങിയെന്ന നിഗമനപ്രകാരം റീ രജിസ്ട്രേഷൻ ആവശ്യമാണ്. എന്നാൽ അവർ പരീക്ഷക്കിരിക്കുന്നതിന് മുമ്പായി വീണ്ടും ഹാജരിനുവേണ്ടി ക്ലാസിൽ ഇരിക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഹാജർ നേടിക്കഴിഞ്ഞാലും കോഴ്സിന്റെ ഭാഗമായ പരീക്ഷക്കിരിക്കുവാൻ അപേക്ഷിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യാത്തപക്ഷം ആ വിദ്യാർത്ഥിക്ക് കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ നിലവിലുള്ള കേരള യൂണിവേഴ്സിറ്റി റഗുലേഷൻ അനുവദിക്കുന്നില്ല. അവർക്ക് മുടങ്ങിപ്പോയ കോഴ്സ് പുനരാരംഭിക്കുവാൻ റീ രജിസ്ട്രേഷൻ നിയമപരമായി ആവശ്യമാണ്.

കായംകുളം സർക്കാർ ആശുപത്രിയുടെ നവീകരണവും നിയമനങ്ങളും

148 [153] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിയിൽ 100 കിടക്കകളുള്ള ഒരു പുതിയ വാർഡ് പണിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി എന്നേക്ക് പൂർത്തിയാകും;

(സി) പ്രസ്തുത വാർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഡോക്ടർമാരുടെയും, മറ്റു സ്റ്റാഫിന്റെയും പോസ്റ്റ് ക്രിയേറ്റ് ചെയ്യണമെന്നും ഡോക്ടർമാരെയും മറ്റു സ്റ്റാഫിനെയും നിയമിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടിയെടുത്തു;

(ഇ) പ്രസ്തുത ആശുപത്രിയിലെത്തുന്ന എമർജൻസി കേസുകളെ കണക്കിലെടുത്ത് അവിടെ ഒരു കാഷ്യാലിറ്റി വിഭാഗം ആരംഭിക്കുവാൻ നടപടി യെടുക്കുമോ;

(എഫ്) ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയുടെ പദവിയിലേക്ക് ഉയർത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ എന്ത് നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2005 ജൂലായ് മാസം പൂർത്തിയാകുമെന്ന് കരുതുന്നു.

(സി) നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പു ഡയറക്ടറിൽനിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) 20-12-2004-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 3619/2004/ആകുവ. പ്രകാരം കായംകുളം സർക്കാർ ആശുപത്രിയിൽ താൽക്കാലികമായി ആരംഭിച്ച കാഷ്യാലിറ്റി യൂണിറ്റിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) കായംകുളം സർക്കാർ ആശുപത്രിയെ സി.എച്ച്.സി. ആയോ താലൂക്കാശുപത്രിയായോ ഉയർത്തുന്നതിനുള്ള പൂർണ്ണമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അതിൻമേൽ നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly